# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1097 14.06.2012 ൽ –മറുപടിക്ക്

## ഉദ്യോഗസ്ഥർ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതിനെതിരെ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>,, ഷാഫി പറമ്പിൽ<br>,, തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പുതുക്കിയ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട അനർഹരായ പല ഉദ്യോഗസ്ഥരും റേഷൻ കാർഡുകൾ വാങ്ങിയിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ബി.പി.എൽ. കാർഡുകൾ വാങ്ങിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ സർക്കാർ / അർദ്ധ സർക്കാർ / സഹകരണമേഖലാ ജീവനക്കാരുൾപ്പെട്ട ബി.പി.എൽ/എ.എ.വൈ. കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്ത് എ.പി.എൽ ആക്കുവാൻ സമയ പരിധി നിശ്ചയിക്കുകയും, കാലാവധിക്കുള്ളിൽ സറണ്ടർ ചെയ്യാത്ത കാർഡുകൾ റദ്ദാക്കുവാനും 28.12.11 ലെ ജി.ഒ.(പി) നം. 39/11, 25.01.2012 ലെ ജി.ഒ.(പി) നം. 1/12/ഭ.സി.സ. നം. ഉത്തരവുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. മേൽ സൂചിപ്പിച്ച ഉത്തരവുകളനുസരിച്ച് 10.02.2012 വരെ 29,211 സർക്കാരുദ്യോഗസ്ഥരുൾപ്പെട്ട ബി.പി.എൽ കാർഡുകൾ എ.പി.എൽ ആക്കുകയും 386 കാർഡുകൾ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദീകരിക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (സി) | തുടർന്നും അനർഹമായി ബി.പി.എൽ കാർഡ് കൈവശം വച്ചിരിക്കുന്നവർക്ക് ഒരവസരം കൂടി നൽകിക്കൊണ്ട് ഇത്തരത്തിലെ ബി.പി.എൽ കാർഡുകൾ എ.പി.എൽ. ആക്കി മാറ്റുന്നതിന് 30.06.12 വരെ സമയപരിധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ